# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :114          11.07.2016 ൽ മറുപടിയ്ക്ക്

## <u>ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള അനധികൃത സ്ഥലം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.എം.എം. മണി**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന സ്ഥലം ഏറ്റെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | 25/04/2013 ലെ ജി.ഒ(എം.എസ്) 161/2013/ആർഡി നമ്പർ ഉത്തരവ് പ്രകാരം M/s ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റു കൈയ്യേറ്റക്കാർ തുടങ്ങിയവർ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് സംസ്ഥാനതല സ്പെഷ്യൽ ഓഫീസറെ നിയോഗിച്ച് ഉത്തരവായിരുന്നു. HML കമ്പനിയും കക്ഷികളും സംസ്ഥാനത്ത് 7 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്) സർക്കാർ ഭൂമി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ടി കമ്പനിയും മറ്റു കക്ഷികളും കൈവശം വച്ചിരുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്ത് കൊണ്ട് സ്പെഷ്യൽ ഓഫീസർ& കളക്ടർ ഗവ. ലാന്റ് റിസംപ്ഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുന്ന 4 ജില്ലകളിലെ 30019.95 ഏക്കർ ഭൂമിയും മറ്റു കമ്പനികളും കൈയ്യേറ്റക്കാരും കൈവശം വയ്ക്കുന്ന 8150.97 ഏക്കർ ഭൂമിയും ഉൾപ്പെടുന്നു.<br>38170.92 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തു കൊണ്ട് പുറപ്പെടുവിച്ച 18 നടപടിക്രമങ്ങൾക്കെതിരെ ടി കമ്പനികളും, കക്ഷികളും ഫയൽ ചെയ്ത വിവിധ റിട്ട് ഹർജികളിൽ ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് 25/11/2015-ൽ ' റഫറൻസ് ഓർഡർ' |

| | | |
|---|---|---|
| | | പുറപ്പെടുവിച്ചിട്ടുണ്ട്. HML മായി ബന്ധപ്പെട്ട ടി കേസ്സുകൾ ബഹു. ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്.<br>M/s ഹാരിസൺ മലയാളം ലിമിറ്റഡും, മറ്റു കമ്പനികളും തങ്ങളുടെ മുൻഗാമികൾ എന്നു വാദിക്കുന്ന M/s മലയാളം പ്ലാന്റേഷൻ(യു.കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനി വയനാട് ജില്ലയിൽ കൈവശം വച്ചിരുന്ന 30,000 ഏക്കറിലധികം ഭൂമിയും, തൃശ്ശൂർ ജില്ലയിൽ കൈവശം വച്ചിരുന്ന 6163 ഏക്കർ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള നിയമ നടപടികളുടെ ഭാഗമായി വയനാട് ജില്ലയിൽ കെ.എൽ.സി റൂൾ 6 പ്രകാരം പരിശോധന നടത്തുമ്പോൾ, ടി നടപടിക്കെതിരെ M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് ബഹു. ഹൈക്കോടതിയുടെ മറ്റൊരു ബഞ്ചിൽ നിന്നും സ്റ്റേ ഉത്തരവ് നേടുകയും തുടർ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കമ്പനി എത്ര ഏക്കർ ഭൂമി അനധികൃതമായി കൈവശം വെച്ചിട്ടുണ്ടെന്നും, അതിൽ സർക്കാർ ഏറ്റെടുത്ത ഭൂമി എത്രയെന്നും വ്യക്തമാക്കാമോ; | ആകെ 74,334 ഏക്കറിലധികം ഭൂമി സംസ്ഥാനത്ത് M/s മലയാളം പ്ലാന്റേഷൻ (യു.കെ)ലിമിറ്റഡ് എന്ന വിദേശ കമ്പനി കൈവശം വച്ചിരുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. M/s ഹാരിസൺ മലയാളം ലിമിറ്റഡും ടി കമ്പനിയിൽ നിന്നും ഭൂമി നേടിയവരും മറ്റു കൈയ്യേറ്റക്കാരും ചേർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ കൈവശം വച്ചിരുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്ത് കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ M/s ഹാരിസൺ മലയാളം ലിമിറ്റഡും ടി കമ്പനിയിൽ നിന്നും ഭൂമി നേടിയവരും മറ്റു കൈയ്യേറ്റക്കാർ തുടങ്ങിയവർ കൈവശം വച്ചിരുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തു കൊണ്ടുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകൾക്കെതിരെ ടി കമ്പനികളും, വ്യക്തികളും ചേർന്ന് വിവിധ റിട്ട് ഹർജികൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകളുടെ തൽസ്ഥിതി തുടരാൻ ബഹു: ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ റിട്ട് ഹർജികളിൽ സ്പെഷ്യൽ ഓഫീസറുടെ അധികാര പരിധിയെയാണ് ടി കമ്പനികൾ ചോദ്യം |

| | | |
|---|---|---|
| | | ചെയ്തിരുന്നത്. എന്നാൽ ദീർഘനാളത്തെ ഹിയറിംഗിന് ശേഷം 25/11/2015 ൽ ബഹു: ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ടീ കേസ്സുകൾ രണ്ടംഗങ്ങൾ അടങ്ങുന്ന ഡിവിഷൻ ബഞ്ച് കേൾക്കുന്നതിലേയ്ക്കായി റഫർ ചെയ്തു കൊണ്ട് റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ